## കുടുംബശ്രീ ജെ.എൽ.ജി. അംഗങ്ങൾക്ക് 'വിത്തും കൈക്കോട്ടും' കാർഷിക ചലഞ്ചുമായി കുടുംബശ്രീ കാസറഗോഡ് ജില്ലാമിഷൻ

കോവിഡ്19 രോഗപ്രതിരോധത്തിന്റെ ഭാഗമായുള്ള ലോക്ക് ഡൗൺ തുടരുന്ന സാഹചര്യത്തിൽ, കുടുംബശ്രീ അംഗങ്ങളെ കൃഷിയിൽ കൂടുതൽ വ്യാപൃതരാക്കുന്നതിനായി 'വിത്തും കൈക്കോട്ടും' എന്ന കാർഷിക ചലഞ്ച് അവതരിപ്പിച്ച് മാതൃകയാവുകയാണ് കുടുംബശ്രീ കാസറഗോഡ് ജില്ലാമിഷൻ. കാസറഗോഡ് ജില്ലയിൽ താമസിക്കുന്ന കുടുംബശ്രീ ജെ.എൽ.ജി അംഗങ്ങൾക്ക് ആണ് ചലഞ്ചിൽ പങ്കെടുക്കാനുള്ള അവസരം ലഭിക്കുക. പുതിയൊരു കൃഷി പാഠം പകർന്നു നൽകുക എന്നതാണ് 'വിത്തും കൈക്കോട്ടും' എന്ന കാർഷിക ചലഞ്ചിലൂടെ കുടുംബശ്രീ കാസറഗോഡ് ജില്ലാമിഷൻ ലക്ഷ്യമിടുന്നത്.

ഈ ലോക്ക് ഡൗൺ കാലത്ത് തങ്ങളുടെ വീട്ടുമുറ്റത്തോ മട്ടുപ്പാവിലോ ഒരു അടുക്കള തോട്ടം ഉണ്ടാക്കുകയാണ് 'വിത്തും കൈക്കോട്ടും' എന്ന കാർഷിക ചലഞ്ചിൽ പങ്കെടുക്കാൻ ജെ.എൽ.ജി അംഗങ്ങൾ ചെയ്യേണ്ടത്. ഒപ്പം തോട്ടത്തിനടുത്തു നിന്നുള്ള ഒരു ഫോട്ടോ ജില്ലാമിഷനിലേക്ക് അയച്ചു നൽകാനുമാണ് നിർദേശം നൽകിയിരിക്കുന്നത്. പഞ്ചായത്തിന്റെ പേര്, ജെ.എൽ.ജിയുടെ പേര്, ജെ.എൽ.ജി. അംഗത്തിന്റെ പേര്, ഫോൺ നമ്പർ എന്നീ വിവരങ്ങൾ കൂടി ചേർത്തയക്കാനാണ് നിർദേശം. മെയ് 16 നു മുൻപായി ആണ് കുടുംബശ്രീ ജെ.എൽ.ജി അംഗങ്ങൾ തങ്ങളെടുത്ത ചിത്രങ്ങൾ അയച്ചു നൽകേണ്ടത്. ലോക്ക് ഡൗൺ കാലവും ഫലപ്രദമായി വിനിയോഗിക്കുന്നതിനൊപ്പം ഒരു പുത്തൻ കാർഷിക സംസ്കാരം രൂപപ്പെടുത്തിയെടുക്കാനും ഓരോ കുടുംബത്തെയും കാർഷികപരമായ സ്വയംപര്യാപ്തതയിൽ എത്തിക്കാനും 'വിത്തും കൈക്കോട്ടും' എന്ന കാർഷിക ചലഞ്ചിലൂടെ കുടുംബശ്രീ കാസറഗോഡ് ജില്ലാമിഷൻ ലക്ഷ്യമിടുന്നു.